# SMILE

## 2020

## SOCIAL SCIENCE

## ചോദ്യശേഖരം

# Part 1

## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

### അമേരിക്കൻ വിപ്ലവം

1. ജ്ഞാനോദയ ചിന്തകൾ പ്രചരിപ്പിച്ച ആശയങ്ങൾ എന്തെല്ലാമാണ്?

2. ''പ്രാതിനിധ്യമില്ലാതെ നികുതിയില്ല'' പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ വടക്കേ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യമാണിത്. ഈ മുദ്രാവാക്യത്തിന് രൂപം നൽകിയത് ആരാണ്?

3. ജെയിംസ് ഓട്ടിസിന്റെ പ്രാതിനിധ്യമില്ലാതെ നികുതിയില്ല എന്ന മുദ്രാവാക്യത്തിലൂടെ അമേരിക്കൻ ജനത എന്തെല്ലാമാണ് ആവശ്യപ്പെട്ടത്?

4. മെർക്കന്റലിസം എന്നാലെന്ത്?

5. മെർക്കന്റലിസ്റ്റ് നിയമങ്ങൾ പട്ടികപ്പെടുത്തുക.

6. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് പ്രചോദനം നൽകിയ ചിന്തകന്മാർ ആരെല്ലാം? അവരുടെ ആശയങ്ങൾ എന്തെല്ലാമാണ്?

7. ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് എന്നാലെന്ത്?

8. രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് നടന്നത് എവിടെയാണ്? ഇതിന്റെ തലവനായി തിരഞ്ഞെടുത്തത് ആരെയാണ്?

9. ലോകപ്രശസ്തമായ അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം തയ്യാറാക്കുവാൻ നേതൃത്വം നൽകിയത് ആരെല്ലാമാണ്?

10. പാരീസ് ഉടമ്പടി എന്നാലെന്ത്?

11. അമേരിക്കൻ ഭരണഘടനയ്ക്ക് രൂപകല്പന നൽകിയത് ആരാണ്?

12. അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽക്കാല ലോകചരിത്രത്തിൽ ചെലുത്തിയ സ്വാധീനം എന്തെല്ലാമാണ്?

13. ഫ്രഞ്ചു വിപ്ലവത്തിന്റെ കാരണങ്ങൾ പട്ടികപ്പെടുത്തുക.

14. ഫ്രഞ്ചു വിപ്ലവത്തെ സ്വാധീനിച്ച ചില ആശയങ്ങളാണ് ചുവടെ തന്നിട്ടുള്ളത്. അവയുമായി ബന്ധപ്പെട്ട ചിന്തകരുടെ പേര് എഴുതുക.

| ആശയങ്ങൾ | ചിന്തകർ |
|---|---|
| പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു | A |
| സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് | B |
| ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണം. | C |

15. ഫ്രഞ്ചു സമൂഹവുമായി ബന്ധപ്പെട്ടു നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| എസ്റ്റേറ്റ് | ജനവിഭാഗം | സവിശേഷതകൾ |
|---|---|---|
| ഒന്നാമത്തെ എസ്റ്റേറ്റ് | ....................................... | എല്ലാ നികുതിക |

| | | |
|---|---|---|
| | | ളിൽ നിന്ന് ഒഴിവാക്കപ്പെട്ടു. |
| | പ്രഭുക്കന്മാർ | ആഡംബര ജീവിതം നയിച്ചു. |
| മൂന്നാമത്തെ എസ്റ്റേറ്റ് | ..................................... | താഴ്ന്ന സാമൂഹിക പദവി |

16. ടെന്നീസ് കോർട്ട് പ്രതിജ്ഞ എന്നാലെന്ത്?

17. ഫ്രഞ്ചു വിപ്ലവത്തിന്റെ സ്വാധീനം വിലയിരുത്തുക?

18. നെപ്പോളിയന്റെ ഭരണപരിഷ്ക്കാരങ്ങൾ വിശദീകരിക്കുക?

19. മറ്റു യൂറോപ്യൻ രാജ്യങ്ങൾ ഇംഗ്ലണ്ടിന്റെ നേതൃത്വത്തിൽ സംഘടിക്കുവാൻ കാരണമെന്തായിരുന്നു?

20. ഏതു യുദ്ധത്തിലാണ് നെപ്പോളിയന് അധികാരം നഷ്ടപ്പെട്ടത്?

21. കോളനിഭരണം ലാറ്റിൻ അമേരിക്കൻ ജനജീവിതത്തെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?

22. ലാറ്റിനമേരിക്കൻ വിപ്ലവത്തിന് നേതൃത്വം നൽകിയ നേതാക്കന്മാർ ആരെല്ലാമായിരുന്നു.

23. റഷ്യയിലെ തൊഴിലാളിവർഗ്ഗം മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു.

24. വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരരംഗത്തു പ്രവേശിക്കുവാൻ റഷ്യൻ തൊഴിലാളി വിഭാഗത്തെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്?

25. മാർക്സിന്റെയും ഏംഗൽസിന്റെയും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്ന ഗ്രന്ഥം തൊഴിലാളികൾക്കു നൽകിയ ആഹ്വാനം എന്തായിരുന്നു?

ഇവരുടെ ആശയങ്ങൾ തൊഴിലാളികൾക്ക് ആവേശം പകർന്നു. മുതലാളിമാർ നിയന്ത്രിക്കുന്ന ഉല്പാദന വ്യവസ്ഥയ്ക്കു പകരം തൊഴിലാളികളുടെ ആധിപത്യം സ്ഥാപിക്കുവാൻ അവർ ആഹ്വാനം ചെയ്തു.

26. റഷ്യൻ വിപ്ലവത്തിനു പ്രചോദനം നൽകിയ സാഹിത്യകാരന്മാർ ആരെല്ലാമാണ്?

27. ബോൾഷെവിക്, മെൻഷെവിക് പാർട്ടികളുടെ ലക്ഷ്യം എന്തായിരുന്നു? ഇവർക്കു നേതൃത്വം നൽകിയ നേതാക്കൾ ആരെല്ലാം?

28. രക്തരൂഷിതമായ ഞായറാഴ്ച എന്നറിയപ്പെടുന്ന സംഭവം വിവരിക്കുക?

29. ഫെബ്രുവരി വിപ്ലവവും ഒക്ടോബർ വിപ്ലവും സോവിയറ്റ് യൂണിയന്റെ രൂപീകരണത്തിലേക്ക് വഴി തെളിച്ചതെങ്ങനെയെന്ന് വിശകലനം ചെയ്യുക.

30. ചൈന ജനകീയ റിപ്പബ്ലിക്കായതിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ തന്നിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

സൂചകങ്ങൾ

- ചിയാങ് കൈഷക്കിന്റെ ഏകാധിപത്യം
- മാവോ സെ തുംഗ്
- ജനകീയ റിപ്പബ്ലിക്

31. കറുപ്പ് വ്യാപാരം, തുറന്ന വാതിൽ നയം എന്നിവ വിശദീകരിക്കുക.

## ഉത്തര സൂചിക

1. സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, ദേശീയത

2. ജെയിംസ് ഓട്ടീസ്

3.
- ❖ ഭരണപങ്കാളിത്തം
- ❖ ജനങ്ങൾക്ക് പ്രാതിനിധ്യമില്ലാത്ത ഭരണം ജനവിരുദ്ധമാണ്.
- ❖ ഭരണത്തിൽ പങ്കാളിത്തം നൽകാതെ നികുതി പിരിക്കാൻ പാടില്ല.

4. മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്താൽ കച്ചവടക്കാർ കോളനികളിൽ നടപ്പിലാക്കിയ വാണിജ്യനയം മെർക്കന്റലിസം എന്നറിയപ്പെടുന്നു.

5.
- ❖ കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ, കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രമായിരിക്കണം.
- ❖ കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ വർത്തമാന പത്രങ്ങൾ, ലഘുരേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ മുദ്ര പതിക്കണം.
- ❖ കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി , പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്കു മാത്രമേ കയറ്റി അയക്കാവൂ.
- ❖ കോളനികളിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗക

രൃങ്ങളും കോളനിക്കാർ നൽകണം.

❖ കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നൽകണം.

6. ജോൺ ലോക്ക്

''മനുഷ്യന് ചില മൗലീകാവകാശങ്ങളുണ്ട് അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.

7. തോമസ് പെയിൻ

''ഏതെങ്കിലും വിദേശശക്തിക്ക് (ഇംഗ്ലണ്ട്) ഈ വൻകര (വടക്കേ അമേരിക്ക) ദീർഘകാലം കീഴടങ്ങിക്കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല.

മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ നയങ്ങൾക്കും നിയമങ്ങൾക്കുമെതിരെ പ്രതികരിക്കാനായി ജോർജിയ ഒഴികെയുള്ള കോളനികളുടെ പ്രതിനിധികൾ 1774-ൽ ഫിലാഡൽഫിയായിൽ സമ്മേളിച്ചു. ഇത് ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് എന്നറിയപ്പെട്ടു.

8. ഫിലാഡൽഫിയ, ജോർജ് വാഷിങ്ടൺ

9. തോമസ് ജെഫേഴ്സൺ

ബഞ്ചമിൻ ഫ്രാങ്ക്ളിൻ

10. 1783-ൽ ഇംഗ്ലണ്ട് പതിമൂന്ന് കോളനികൾക്ക് സ്വാതന്ത്ര്യം നൽകിയത് പാരീസ് ഉടമ്പടി എന്നറിയപ്പെടുന്നു.

11. ജയിംസ് മാഡിസൺ

12. പിൽക്കാല സ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.

- ❖ റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവച്ചു.
- ❖ ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി.
- ❖ സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നൽകുന്ന ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി.

13.

- ❖ ഫ്രാൻസിൽ നിലനിന്നിരുന്ന ഏകാധിപത്യഭരണം
- ❖ ഭരണാധികാരികളുടെ ധൂർത്ത്
- ❖ ഫ്രഞ്ചു സമൂഹത്തിൽ നിലനിന്നിരുന്ന അസമത്വം
- ❖ ചിന്തകന്മാരുടെ സ്വാധീനം

വോൾട്ടർ, റൂസ്സോ, മൊണ്ടേസ്ക്യൂ

- ❖ സാമ്പത്തിക പ്രതിസന്ധി

14. A വോൾട്ടയർ

B റൂസ്സോ

C മൊണ്ടസ്ക്യൂ

15.

| എസ്റ്റേറ്റ് | ജനവിഭാഗം | സവിശേഷതകൾ |
|---|---|---|
| ഒന്നാമത്തെ എസ്റ്റേറ്റ് | പുരോഹിതന്മാർ | എല്ലാത്തരം നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു<br>ഭരണത്തിലെയും സൈന്യത്തിലെയും |

| | | |
|---|---|---|
| | | ഉയർന്ന പദവികൾ നിയന്ത്രിച്ചു. |
| രണ്ടാമത്തെ എസ്റ്റേറ്റ് | പ്രഭുക്കന്മാർ | നികുതികളിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.<br>ആഡംബര ജീവിതം നയിച്ചു.<br>വിശാലമായ ഭൂപ്രദേശം കൈവശം വച്ചു |
| മൂന്നാമത്തെ എസ്റ്റേറ്റ് | കച്ചവടക്കാർ, എഴുത്തുകാർ, അഭിഭാഷകർ, ഉദ്യോഗസ്ഥർ, അധ്യാപകർ, ബാങ്കർമാർ | താഴ്ന്ന സാമൂഹിക പദവി<br>പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണം. |

16. ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് എന്ന നില കോമൺസിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായിരുന്നു.

- ഒരാൾക്ക് ഒരു വോട്ട് എന്ന തത്വം പാലിക്കണമെന്ന് കോമൺസ് ആവശ്യപ്പെട്ടു.
- ഈ ആവശ്യം മറ്റു രണ്ട് എസ്റ്റേറ്റുകളും എതിർത്തു
- 'കോമൺസ്' ദേശീയ അസംബ്ലി എന്ന് സ്വയം നാമകരണം ചെയ്ത് ടെന്നീസ് കോർട്ടിൽ സമ്മേളിച്ചു.

17.
- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയ

ത്തിന്റെ പ്രചാരണം.

❖ മധ്യവർഗ്ഗത്തിന്റെ വളർച്ചയെ സഹായിച്ചു.

❖ ദേശീയതയുടെ ആവിർഭാവത്തിനു വഴിയൊരുക്കി

❖ ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്കു നൽകി.

❖ രാജ്യമെന്നത് പ്രദേശമല്ല രാജ്യത്തെ ജനങ്ങളാണ് എന്നു പ്രഖ്യാപിച്ചു.

❖ യൂറോപ്യൻ ഫ്യൂഡലിസ്റ്റു വ്യവസ്ഥയുടെ അന്ത്യം കുറിച്ചു.

18. ❖ കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.

❖ സിങ്കിങ്ങ് ഫണ്ട്

❖ റോഡുകൾ നിർമ്മിച്ചു.

❖ പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.

❖ ബാങ്ക് ഓഫ് ഫ്രാൻസ് രൂപീകരിച്ചു.

❖ പുതിയ നിയമസംഹിതയുണ്ടാക്കി

19. യൂറോപ്യൻ രാജ്യങ്ങളെ ഒന്നൊന്നായി ആക്രമിച്ച നെപ്പോളിയന്റെ പരിഷ്കാരങ്ങൾ യൂറോപ്പിലാകമാനം വ്യാപിപ്പിക്കുമോ എന്ന് മറ്റു യൂറോപ്യൻ രാജ്യങ്ങൾ ഭയപ്പെട്ടു.

20. വാട്ടർലൂ

21. സ്പെയിൻകാരും, പോർട്ടുഗീസുകാരും തങ്ങളുടെ ഭാഷയും മതവും ആചാരവും അവിടെ പ്രചരിപ്പിച്ചു.

❖ സ്പാനിഷ് ശൈലിയിലുള്ള വീടുകൾ, ദേവാലയങ്ങൾ

❖ സ്പാനിഷ് കൃഷിരീതി

❖ യൂറോപ്പിൽ നിന്ന് പുതിയ രോഗങ്ങൾ ലാറ്റിനമേരിക്കയി ലേയ്ക്കു പകർന്നു

22. ജോസേഡി സാൻമാർട്ടിൻ

ഫ്രാൻസിസ്കോ മിരാഡാ

സൈമൺ ബൊളിവർ

23. ❖ സ്വകാര്യ സ്വത്തുടമാ സമ്പ്രദായം അവസാനിപ്പിക്കണം

❖ എല്ലാവരും അധ്വാനിക്കണം

❖ എല്ലാ ഉല്പാദനോപാധികളും ജനങ്ങൾക്ക്

❖ എല്ലാ അധികാരവും ജനങ്ങൾക്ക്

24. ❖ റഷ്യ ഭരിച്ചിരുന്ന സാർ ചക്രവർത്തിമാരുടെ ഏകാധിപ ത്യഭരണം

❖ പ്രകൃതിവിഭവങ്ങൾകൊണ്ട് സമ്പന്നമായിരുന്നു റഷ്യയുടെ വ്യവസായികോൽപാദനം തുച്ഛമായിരുന്നു.

25. മാക്സിം ഗോർക്കി

ലിയോ ടോൾസ്റ്റോയി

ഇവാൻ തുർഗനേവ്

ആന്റൺ ചെക്കോവ്

27. മാർക്സിസ്റ്റ് ആശയങ്ങളിൽ അധിഷ്ഠിതമായി സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി രൂപംകൊണ്ടു. പിന്നീട് ബോൾഷെവിക്കുകൾ ഭൂരിപക്ഷം, മെൻഷെവിക്കുകൾ (ന്യൂനപ ക്ഷം) എന്നിങ്ങനെ രണ്ടായി പിരിഞ്ഞു. ലെനിൻ, ട്രോട്സ്കി

തുടങ്ങിയവർ ബോൾഷെവിക് പാർട്ടിക്കു നേതൃത്വം നൽകിയപ്പോൾ അലക്സാണ്ടർ കെറൻസ്കി മെൻഷെവിക്കുകൾക്കു നേതൃത്വം നൽകി.

28. തുടർച്ചയായി പത്തും പതിനഞ്ചും മണിക്കൂർ പണിയെടുക്കേണ്ടിവന്ന റഷ്യയിലെ ഫാക്ടറി തൊഴിലാളികൾ മെച്ചപ്പെട്ട സേവന വ്യവസ്ഥകൾ ആവശ്യപ്പെട്ട് ഒരു സമിതി രൂപീകരിച്ചു. ഒരു ലക്ഷത്തോളം തൊഴിലാളികൾ പണി മുടക്കുകയും 1905 ജനുവരി 22-ാം തീയതി ചക്രവർത്തിയുടെ കൊട്ടാരത്തിലേയ്ക്കു മാർച്ചുനടത്തുകയും ചെയ്തു. ഇതിനുനേരെ പട്ടാളം വെടിവെച്ചു. നൂറുകണക്കിന് തൊഴിലാളികൾ കൊല്ലപ്പെട്ട ഈ സംഭവം രക്തരൂക്ഷിതമായ ഞായറാഴ്ച എന്നറിയപ്പെടുന്നു.

29. Page No. 23 & 24 (Text book)

30. Page No. 26 (Text book)

31. Page No. 25

32. Page No. 25 & 26

## ലോകം ഇരുപതാം നൂറ്റാണ്ടിൽ

**ചോദ്യങ്ങൾ**

1. എന്തുകൊണ്ടാണ് ആഫ്രിക്കയിലെ രാഷ്ട്രങ്ങളുടെ അതിരുകൾ നേർരേഖയിലായത്?
2. മുതലാളിത്തം എന്നാലെന്ത്?
3. വ്യവസായ വിപ്ലവം കോളനിവൽക്കരണത്തിനു കാരണമായതെ

ങ്ങനെ?

4. ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ ഉത്പാദനം നടത്തുവാൻ മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്?

5. സാമ്രാജ്യത്വം എന്നാലെന്ത്? സാമ്രാജ്യത്വത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്.

6. സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?

7. ഒന്നാം ലോകമഹായുദ്ധത്തിൽ രൂപീകൃതമായ സൈനിക സഖ്യങ്ങൾ ഏവ?

8. തീവ്രദേശീയത എന്നാലെന്ത്?

9. ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങൾ വിവരിക്കുക.

10. ഒന്നാം ലോകമഹായുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ എന്തെല്ലാമാണ്?

11. ഒന്നാം ലോകമഹായുദ്ധത്തിൽ വിജയിച്ചവർക്ക് പരാജയപ്പെട്ടവരോടുണ്ടായിരുന്ന പ്രതികാരത്തിന്റെ ഉദാഹരണമായിരുന്നു വേഴ്സായ് സന്ധി ചർച്ച ചെയ്യുക.

OR

വേഴ്സായ് സന്ധി ഒരു ഏകപക്ഷീയ സന്ധിയായിരുന്നു. സന്ധി വ്യവസ്ഥകൾ വിശകലനം ചെയ്ത് ഈ പ്രസ്താവന സാധൂകരിക്കുക.

12. 1929-ൽ ലോകത്തെയാകെ ബാധിച്ച സാമ്പത്തിക മാന്ദ്യം ആവിർഭവിച്ചത് അമേരിക്കയിലായിരുന്നു. അതിന്റെ ഫലങ്ങൾ എന്തെല്ലാമാണ്?

13. ഇറ്റലിയിലെ ഫാസിസവും ജർമ്മനിയിലെ നാസിസവും ലോകസമാധാനത്തിന് ഭീഷണിയായതെങ്ങനെയെന്ന് വിശദീകരിക്കുക.

14. ഫാഷിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിലെത്താൻ ഇടയാക്കിയ

സാഹചര്യം വ്യക്തമാക്കുക.

15. അഡോൾഫ് ഹിറ്റ്ലറെ ജർമ്മനിയിൽ അധികാരത്തിലേറാൻ സഹായിച്ച ഘടകങ്ങൾ ഏതെല്ലാമാണ്?

16. ഫാഷിസത്തിന്റെയും നാസിസത്തിന്റെയും പ്രവർത്തനങ്ങളിൽ ചില സമാനതകൾ ഉണ്ടായിരുന്നു. വിലയിരുത്തുക.

17. രണ്ടാം ലോകമഹായുദ്ധകാലയളവിൽ രൂപംകൊണ്ട സൈനിക സഖ്യങ്ങൾ എന്തെല്ലാമായിരുന്നു.

18. രണ്ടാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങൾ വിവരിക്കുക.

19. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ വിവരിക്കുക.

20. ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്.

21. അവകോളനികരണം എന്നാലെന്ത്?

22. ശീതസമരം എന്നാലെന്ത്?

23. ചേരിചേരാ പ്രസ്ഥാനം എന്നാലെന്ത്? ഇതിന്റെ നേതാക്കൻമാർ ആരെല്ലാമാണ്?

24. ബൽഫർ പ്രഖ്യാപനം എന്നാലെന്ത്?

25. സിയോണിസ്റ്റ് പ്രസ്ഥാനം എന്നാലെന്ത്?

26. സോവിയറ്റ് യൂണിയന്റെ തകർച്ചയുടെ കാരണങ്ങൾ എന്തെല്ലാമാണ്?

27. ഏകധ്രുവ ലോകക്രമം എന്നാലെന്ത്?

28. അമേരിക്ക ആഗോളരംഗത്ത് ആധിപത്യം സ്ഥാപിക്കുവാൻ സ്വീകരിച്ച തന്ത്രങ്ങൾ ഏതെല്ലാമാണ്?

29. നവസാമ്രാജ്യത്വം എന്നാലെന്ത്?

30. നവസാമ്രാജ്യത്വത്തിന്റെ ആശയങ്ങളായ ഉദാരവൽക്കരണം, സ്വകാര്യ വൽക്കരണം, ആഗോളവൽക്കരണം എന്നിവയുടെ സവിശേഷതകൾ വിലയിരുത്തുക.

31. ആഗോളവൽക്കരണം വികസ്വര രാജ്യങ്ങളെ ദോഷകരമായി ബാധിച്ച തെങ്ങനെ?

**<u>ഉത്തരസൂചിക</u>**

1. വിഭവങ്ങൾ തേടി ആഫ്രിക്കയിൽ എത്തിയ യൂറോപ്യർ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആഫ്രിക്കയെ പങ്കിട്ടെടുത്തു. യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഭൂപടത്തിൽ അതിർത്തികൾ വരച്ച് ആഫ്രിക്കയെ വീതം വയ്ക്കുകയായിരുന്നു.

2. ഫാക്ടറികളിൽ മൂലധന നിക്ഷേപം നടത്തി മുതലാളിമാർ ഉല്പാദനം കൂട്ടി. ഇതവരുടെ ലാഭത്തിൽ വർദ്ധനവുണ്ടാക്കി. ലാഭം ലക്ഷ്യമാക്കി ഉൽപാദനവും വിതരണവും സ്വകാര്യവ്യക്തികൾ നിയന്ത്രിച്ചിരുന്ന സമ്പദ്വ്യവസ്ഥ മുതലാളിത്തം എന്നറിയപ്പെട്ടു.

3. മുതലാളിമാർ തങ്ങളുടെ ലാഭം വർദ്ധിപ്പിക്കുന്നതിനായി വ്യവസായ രംഗത്ത് കൂടുതൽ പണം മുടക്കി. ഇത് ഉൽപാദന വർദ്ധനവിനു കാരണമായി. ആഭ്യന്തര കമ്പോളത്തിന് ഉൾക്കൊള്ളാവുന്നവ ആയിരുന്നില്ല ഉൽപാദന വർദ്ധനവ്. ഏഷ്യൻ ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളുമായി വ്യാപാരബന്ധം സ്ഥാപിക്കുകയും, കാലക്രമേണ ഇവിടങ്ങളിൽ യൂറോപ്യൻ രാജ്യങ്ങൾ അവരുടെ രാഷ്ട്രീയ, സൈനീകശേഷി ഉപയോഗിച്ച് ഈ രാജ്യങ്ങളെ കോളനികൾ ആക്കി മാറ്റി. ഈ പ്രക്രിയ കോളനിവൽക്കരണം എന്നറിയപ്പെടുന്നു.

4. ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ ഉല്പാദനം നടത്തുവാൻ മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്?

- തൊഴിലാളികളുടെ കുറഞ്ഞ കൂലി
- അസംസ്കൃത വസ്തുക്കളുടെ ലഭ്യത
- കുറഞ്ഞ ചെലവ്

5. Page No. 31, Para 1 (text book)

6. Page No. 31, Para 2 (text book)

7. Page No. 31 (text book)

8. മറ്റു രാജ്യങ്ങളെയും അവരുടെ കൈവശമുള്ള പ്രദേശങ്ങളെയും കീഴടക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ യൂറോപ്യൻ രാജ്യങ്ങൾ ദേശീയതയെ ഉപയോഗിച്ചു. ഇത് തീവ്രദേശീയത എന്നറിയപ്പെടുന്നു.

9.
- സൈനിക സഖ്യങ്ങളുടെ രൂപീകരണം.
- തീവ്രദേശീയതയിൽ അധിഷ്ഠിതമായി രൂപംകൊണ്ട പ്രസ്ഥാനങ്ങൾ-പാൻ സ്ലാവ് പ്രസ്ഥാനം, പാൻ ജർമ്മൻ പ്രസ്ഥാനം, പ്രതികാര പ്രസ്ഥാനം.
- മൊറോക്കൻ പ്രതിസന്ധി, ബാൾക്കൺ പ്രതിസന്ധി
- ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനാൻഡിന്റെ വധം

10. Page No. 34 (Text book)

11. Page No. 34

12. Page No. 35

13. Page No. 36 & 37

14. Page No. 37

15. Page No. 38

16. Page No. 36

17. അച്ചുതണ്ടുശക്തികൾ

സഖ്യശക്തികൾ

18. 1919-ലെ വേഴ്സായി സന്ധി

പരാജിത രാജ്യങ്ങളുടെ സഖ്യം (അച്ചുതണ്ടുശക്തികൾ) സഖ്യശക്തികളുടെ രൂപീകരണം.

- ജർമ്മനി, ഇറ്റലി, ജപ്പാൻ ആക്രമണം വ്യാപിപ്പിച്ചപ്പോൾ ബ്രിട്ടനും, ഫ്രാൻസും (മുതലാളിത്ത രാജ്യങ്ങൾ) ആക്രമണങ്ങളെ ചെറുത്തില്ല.
- പ്രീണനനയം
- 1939 സെപ്റ്റംബർ 1 ജർമ്മനി പോളണ്ട് ആക്രമിച്ചു. സെപ്റ്റംബർ 3 സഖ്യകക്ഷികൾ ജർമ്മനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു.
- ജപ്പാൻ പേൾ ഹാർബർ ആക്രമിച്ചു. ഇതിനെതുടർന്ന് അമേരിക്ക ജപ്പാനെതിരെ യുദ്ധം പ്രഖ്യാപിച്ചു.

19. Page No. 41

20. ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്നും രക്ഷിക്കുക അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

21. Page No. 43

22. Page No. 43

23. Page No. 44

24. Page No. 45

25. Page No. 45

26. Page No. 46

27. Page No. 47

28. Page No. 47

29. Page No. 48

30. Page No. 48

31. Page No. 49

**<u>പൊതുഭരണം</u>**

1. പൊതുഭരണത്തിന്റെ ഭാഗമായ ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

2. സെൻട്രൽ വിജിലൻസ് കമ്മീഷനെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

3. ഇ-ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന നേട്ടങ്ങൾ എന്തെല്ലാം?

4. പൊതുഭരണത്തിന്റെ പ്രാധാന്യം വിവരിക്കുക.

5. ഓംബുഡ്സ്മാൻ സംവിധാനം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതെങ്ങനെ?

6. ലോക്പാൽ, ലോകായുക്ത എന്നിവയുടെ പ്രവർത്തനം താരതമ്യം ചെയ്യുക.

7. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഘടന വിശദമാക്കുക.

8. സേവനാവകാശം സാധാരണ ജനങ്ങൾക്ക് പ്രയോജനകരമാണോ? വിലയിരുത്തുക.

9. വിവരാവകാശനിയമം ഭരണരംഗത്തെ സുതാര്യത നടപ്പാക്കുന്നതെങ്ങനെ?

10. ഇന്ത്യയിൽ ഭരണതലത്തിലുള്ള അഴിമതി തടയാൻ കൊണ്ടുവന്ന നടപടികൾ പട്ടികപ്പെടുത്തുക.

11. അറിയാനുള്ള അവകാശം, സേവനാവകാശം എന്നിവ നമ്മുടെ പൊതുഭരണസംവിധാനത്തെ ജനകീയമാക്കാൻ ഏതെല്ലാം വിധത്തിൽ സഹായിക്കാം?

12. ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ വിവിധ വിഭാഗങ്ങളെ തരംതിരിച്ച് വിശദമാക്കുക.

13. പൊതുഭരണ സംവിധാനത്തിൽ ഉദ്യോഗസ്ഥവൃന്ദത്തിന്റെ തിരഞ്ഞെടുപ്പുരീതികൾ ഏവ?

14. സംസ്ഥാന വിജിലൻസ് കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തുക.

15. പൊതുഭരണം ഏത് രീതിലായിരിക്കണമെന്നാണ് ഗാന്ധിജി അഭിപ്രായപ്പെടുന്നത്?

## <u>ഉത്തരസൂചിക - പൊതുഭരണം</u>

1. - ശ്രേണിപരമായ സംഘാടനം
   - സ്ഥിരത
   - യോഗ്യത അടിസ്ഥാനമാക്കി നിയമനം

- രാഷ്ട്രീയ നിഷ്പക്ഷത

- വൈദഗ്ദ്ധ്യം

2. - ദേശീയതലത്തിൽ - അഴിമതി തടയുന്നതിന്

- 1964-ൽ നിലവിൽ വന്നു

- കേന്ദ്രഗവൺമെന്റ് ഓഫീസുകളുമായി ബന്ധപ്പെട്ട് അഴിമതി തടയുന്നതിന്

3. - സേവനത്തിനായി കാത്തുനിൽക്കേണ്ടതില്ല.

- വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.

- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.

- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു.

4. - ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.

- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

- ജനക്ഷേമം ഉറപ്പാക്കുന്നു.

- ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

5. - അഴിമതിയോ, സ്വജനപക്ഷപാതമോ, ധനദുർവിനിയോഗമോ ചുമതലകളിൽ വീഴ്ചവരുത്തിയാൽ അതിനെതിരെ പരാതിപ്പെടാനുള്ള സംവിധാനം

- സർവ്വീസിൽ നിന്നും വിരമിച്ച ഹൈക്കോടതി ജഡ്ജിയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്.

- ജനങ്ങൾക്ക്  നേരിട്ട് പരാതിപ്പെടാം.

6. - ദേശീയതലത്തിൽ  അഴിമതി തടയുന്നതിന്  രൂപം നൽകിയ സ്ഥാപനം.

- പൊതുപ്രവർത്തർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ കേസെടുത്ത് അന്വേഷിക്കാനും നടപടികൾ നിർദ്ദേശിക്കുക.

- സംസ്ഥാനതലത്തിൽ  അഴിമതി കേസുകൾ  പരിശോധിക്കുന്നതിന്

- കോടതി നടപടികളുടെ  രീതിയാണ്.

7. **<u>അഖിലേന്ത്യാ സർവ്വീസ്</u>**

- ദേശീയതലത്തിൽ  തിരഞ്ഞെടുക്കുന്നു.

- കേന്ദ്രസർവീസിലോ, സംസ്ഥാനസർവീസിലോ നിയമിക്കപ്പെടുന്നു.

- eg: IAS, IPS

**<u>കേന്ദ്രസർവ്വീസ്</u>**

- ദേശീയതലത്തിൽ  തിരഞ്ഞെടുക്കുന്നു.

- കേന്ദ്രഗവൺമെന്റിന് മാത്രം  അധികാരമുള്ള  ഭരണവകുപ്പുകളിൽ  നിയമിക്കപ്പെടുന്നു.

- eg: ഇന്ത്യൻ ഫോറിൻ സർവ്വീസ്, ഇന്ത്യൻ റെയിൽവേ

**<u>സംസ്ഥാന  സർവ്വീസ്</u>**:

- സംസ്ഥാനതലത്തിൽ  തിരഞ്ഞെടുക്കുന്നു.

- സംസ്ഥാന ഗവൺമെന്റിന് കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

- eg: സെയിൽസ്ടാക്സ് ഓഫീസർ

8. - സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ

- സേവനങ്ങൾ എത്ര കാലപരിധിക്കുള്ളിൽ

- സേവനം നിശ്ചിതകാലത്തിനകം ചെയ്തില്ലെങ്കിൽ ഉത്തരവാദിത്വപ്പെട്ടവർ പിഴ കൊടുക്കേണ്ടി വരും,

- ജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ, സഹായിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നു.

9. - 2005-ൽ വിവരാവകാശനിയമം നിലവിൽ വന്നു.

- അഴിമതി നിയന്ത്രിക്കുക, ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധം, ഗവൺമെന്റ് പ്രവർത്തനം സുതാര്യമാക്കുക.

- പൊതുസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൗരന്മാർക്ക് ലഭ്യമാക്കാനും സാധിക്കുന്നു.

10. - അറിയാനുള്ള അവകാശം

- സേവനാവകാശം

- ലോക്പാലും, ലോകായുക്തയും

- സെൻട്രൽ വിജിലൻസ് കമ്മീഷൻ

- ഓംബുഡ്സ്മാൻ

11. ഉത്തരം 9, 10 ചോദ്യങ്ങളുടെ

12. 7–ാംമത്തെ Question ന്റെ Answer

13. – കേന്ദ്രസർവ്വീസിലേക്കും, അഖിലേന്ത്യാ സർവ്വീസിലേയ്ക്കും ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് – യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ (UPSC)

– Commission ന്റെ Chairman - നെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതി.

– യോഗ്യതയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ്.

– സംസ്ഥാനതലത്തിൽ Public Service Commission (PSC)

– ഗവർണറാണ് Chairman, Members ഇവരെ തിരഞ്ഞെടുക്കുന്നത്.

14. – എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന വിജിലൻസ് കമ്മീഷൻ

– സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ചു അന്വേഷിക്കുക – ചുമതല

– കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് വിജിലൻസ് കോടതികളുമുണ്ട്.

15. – എല്ലാവരുടെയും താല്പര്യസംരക്ഷണമാണ്

– കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ടവർ സമൂഹത്തിലുണ്ട്

– പൊതുഭരണം അവരെ പ്രത്യേകമായി പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

## ബ്രിട്ടീഷ്ചൂഷണവും ചെറുത്തുനില്പും

1. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വിത്യസ്ത ഭൂനികുതി സമ്പ്രദായങ്ങൾ ഏവ?

   ഏതെങ്കിലും ഒരു വ്യവസ്ഥയുടെ സവിശേഷതകൾ വിവരിക്കുക.

2. കൃഷിയുടെ വാണിജ്യവത്കരണത്തിനുള്ള കാരണങ്ങൾ ഏവ?

3. സന്താൾ കലാപത്തിന്റെ കാരണമെന്ത്?

4. കുറിച്യകലാപത്തിന്റെ കാരണങ്ങൾ ഏവ?

5. കുറിച്യകലാപത്തിനു പുറമെ നടന്ന ഗോത്രകലാപങ്ങൾ ഏവ?

6. ബ്രിട്ടീഷ് നയങ്ങൾ ഗോത്രജനതയുടെ ജീവിതത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ?

7. ഇന്ത്യയിലെ പരമ്പരാഗത തുണിവ്യവസായത്തിന്റെ നാശത്തിനുള്ള കാരണങ്ങൾ?

8. ഗ്രാമീണ കൈത്തൊഴിൽ വ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണങ്ങൾ?

9. ആധുനിക വ്യവസായ ശാലകളിൽ തൊഴിലാളികൾ നേരിട്ട പ്രശ്നങ്ങൾ.

10. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിനുള്ള കാരണങ്ങൾ?

11. ചോർച്ചാസിദ്ധാന്ത പ്രകാരം ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേയ്ക്ക് ചോർന്ന രീതികൾ ഏവ?

12. ചോർച്ചാസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ആര്? അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പേരെന്ത്?

13. സ്വദേശിസമരകാലത്ത് ആരംഭിച്ച വ്യവസായങ്ങൾ ഏവ?

14. കോളം 'എ'യിൽ ഉള്ളവയ്ക്ക് യോജിക്കുന്നവ കോളം 'ബി'യിൽ നിന്നു കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| സന്താൾ കലാപം | - മലബാർ |
| മാപ്പിള കലാപങ്ങൾ | - ദാദാബായ് നവറോജി |
| കുറിച്യകലാപം | - രാജ്മഹൽ കുന്നുകൾ |
| ചോർച്ചാസിദ്ധാന്തം | - വയനാട് |

15. ഫൈസാബാദ് കലാപത്തിനു നേതൃത്വം കൊടുത്ത വ്യക്തി?

## <u>ബ്രിട്ടീഷ്ചൂഷണവും ചെറുത്തുനില്പും</u>

### <u>ഉത്തരസൂചിക</u>

1. റയ്ട്ട്വാരി, മഹൽവാരിവ്യവസ്ഥ, ശാശ്വത ഭൂനികുതി വ്യവസ്ഥ,

റയ്ട്ട്വാരി:-

- ദക്ഷിണേന്ത്യയിൽ നടപ്പിലാക്കി
- കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു.
- ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകർക്കായിരുന്നു.
- നികുതി ഇടയ്ക്കിടെ വർദ്ധിപ്പിച്ചിരുന്നു.
- നികുതി നിരക്ക് കൂടുതലായിരുന്നു.

2.
- നികുതി നിരക്ക് കൂടുതലായിരുന്നു.

- നിശ്ചിത നികുതിയിൽ നികുതി പണമായി നൽകണമായിരുന്നു.
- നാണ്യവിളകൾക്ക് ഉയർന്ന വില ലഭിച്ചിരുന്നു.
- സന്താൾ കലാപം 1855-ൽ രാജ്മഹൽ കുന്നുകളുടെ താഴ്വരയിൽ
- ബ്രിട്ടീഷുകാർ, സെമീന്ദാർമാർ, കൊള്ളപലിശക്കാർ എന്നിവരുടെ ചൂഷണത്തിനെതിരെ ജീവിതം വഴിമുട്ടിയ സന്താൾ ജനത നടത്തിയ കലാപം.

4.

- ബ്രിട്ടീഷുകാർ അമിതമായി നികുതി ചുമത്തി.
- നികുതി പണമായി ആവശ്യപ്പെട്ടത്
- നികുതി അടയ്ക്കാത്തവരുടെ കൃഷിഭൂമി പിടിച്ചെടുത്തത്.

5. പഹാരിയ കലാപം, ഭീൽകലാപം, മുണ്ടകലാപം, കോൾ കലാപം, ഖാസി കലാപം

6.

- വനവിഭവശേഖരണം, കന്നുകാലി വളർത്തൽ, പുനംകൃഷി, വേട്ടയാടൽ എന്നിവയായിരുന്നു ഗോത്രജനതയുടെ ജീവിതമാർഗ്ഗങ്ങൾ.
- ബ്രിട്ടീഷുകാർ നടപ്പിലാക്കിയ വനനിയമങ്ങൾ ഗോത്രജീവിതം ദുരിതമാക്കി.
- വനങ്ങളെ സംരക്ഷിത പ്രദേശങ്ങളാക്കി പ്രവേശനം നിഷേധിച്ചു.
- കപ്പൽ നിർമ്മാണം, റെയിൽപ്പാത നിർമ്മാണം തുടങ്ങിയവയ്ക്കായി ധാരാളം മരങ്ങൾ മുറിച്ചുമാറ്റി.
- തോട്ടവ്യവസായങ്ങൾക്കായി വനങ്ങൾ വ്യാപകമായി നശിപ്പിച്ചു.

7. • യന്ത്ര നിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ ഇറക്കുമതി.

• ഇറക്കുമതി ചെയ്ത തുണിക്ക് വിലകുറവായതിനാൽ

• കയറ്റുമതി ചെയ്ത ഇന്ത്യൻ തുണിത്തരങ്ങൾക്ക് ഉയർന്ന നികുതി ചുമത്തിയത്.

8.

| | | |
|---|---|---|
| തുണിവ്യവസായം | - | യന്ത്ര നിർമ്മിത ബ്രട്ടീഷ് തുണിത്തരങ്ങളുടെ ഇറക്കുമതി. |
| മൺപാത്രനിർമ്മാണം | - | അലൂമിനിയം പാത്ര ഇറക്കുമതി |
| തുകൽപ്പണി | - | അസംസ്കൃത തുകലിന്റെ ഇറക്കുമതി. |
| മരപ്പണി | - | ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം |

9.
- മണിക്കൂറുകളോളം നീണ്ട ജോലിസമയം
- കുറഞ്ഞ കൂലി
- അനാരോഗ്യകരമായ താമസസൗകര്യങ്ങൾ

10.
- കർഷകരുടെ ദുരിതങ്ങൾ - അമിത നികുതി, ജന്മിമാർ, കൊള്ളപലിശക്കാർ എന്നിവരുടെ ചൂഷണം.
- കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം
- പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച - തുണി, മൺപാത്രം, തുകൽ, മരപ്പണി.
- രാജാക്കന്മാർക്ക് അധികാരം നഷ്ടപ്പെട്ടത് - ദത്തവകാശ നിരോധനം, സൈനീക സഹായവ്യവസ്ഥ.
- ശിപായിമാരുടെ ദുരിതങ്ങൾ - ഇന്ത്യക്കാരായ പട്ടാളക്കാർക്ക് കുറഞ്ഞ കൂലി, ദുരിതജീവിതം, കൊഴുപ്പ് പുര

ട്ടിയ തിരയുടെ ഉപയോഗം.

11.
- ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി.
- ഇൻഡ്യയിലെ ബ്രട്ടീഷ് ഉദ്യോഗസ്ഥർക്കുള്ള ശമ്പളവും പെൻഷനും
- ഇന്ത്യയിൽ ബ്രട്ടീഷ് ഉല്പന്നങ്ങൾ വിറ്റുകിട്ടിയ ലാഭം.
- ഇന്ത്യയിൽ നിന്ന് പിരിച്ചെടുക്കുന്ന നികുതി

12. പോവർട്ടി ആന്റ് അൺബ്രട്ടീഷ് റൂൾ ഇൻ ഇന്ത്യ - ദാദാഭായ് നവറോജി

13. നിരവധി തുണി മില്ലുകൾ, തീപ്പെട്ടി കമ്പനികൾ, ദേശീയ ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ, സോപ്പ് ഫാക്ടറികൾ, ബംഗാളിലെ ബംഗാളി കെമിക്കൽ സ്റ്റോർ, മഹാരാഷ്ട്രയിലെ ടാറ്റാ ഇരുമ്പുരുക്ക് കമ്പനി, തമിഴ്നാട്ടിലെ സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി.

14.

| | | |
|---|---|---|
| സന്താൾ കലാപം | - | രാജ്മഹൽ കുന്നുകൾ |
| മാപ്പിള കലാപങ്ങൾ | - | മലബാർ |
| കുറിച്യകലാപം | - | വയനാട് |
| ചോർച്ചാ സിദ്ധാന്തം | - | ദാദാബായ് നവറോജി |

15. മൗലവി അഹമ്മദുള്ള

## സംസ്കാരവും ദേശീയതയും

1. ഇന്ത്യൻ ദേശീയതയുടെ രൂപീകരണത്തിന് സ്വാധീനം ചെലുത്തിയ ഘടകങ്ങൾ ഏതെല്ലാം?

2. ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്ത് ഇടപെടുന്നതിനായി ബ്രിട്ടീഷുകാർ സ്ഥാപിച്ച സ്ഥാപനങ്ങൾ ഏവ?

3. ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ട് ബ്രിട്ടീഷുകാർ ലക്ഷ്യമാക്കിയത് എന്ത്?

4. ഇന്ത്യയിലെ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങൾ എന്തെല്ലാം?

5. ഇന്ത്യയിൽ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴി തെളിച്ച ഘടകങ്ങൾ ഏതെല്ലാം?

6. സാമൂഹിക പരിഷ്ക്കർത്താക്കൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തെല്ലാം?

7. ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവൽക്കരണത്തിനും, സാമൂഹിക പരിഷ്ക്കരണത്തിനുമായി, സാമൂഹികപരിഷ്ക്കർത്താക്കളായ രാജാറാംമോഹൻറായ്, ഈശ്വര ചന്ദ്രവിദ്യാസാഗർ, പണ്ഡിത രമാബായി ഇവരുടെ പങ്ക് വിശദമാക്കുക.

8. ഇന്ത്യയിലെ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെയും, അതിന് നേതൃത്വം നൽകിയവരുടെയും പട്ടിക തയ്യാറാക്കുക.

9. സാമൂഹിക പിരഷ്ക്കരണ പ്രസ്ഥാനങ്ങളുടെ സ്വാധീനത്താൽ ബ്രിട്ടീഷുകാർ കൈക്കൊണ്ട നടപടികൾ ഏതെല്ലാം?

10. ദേശീയ സമരകാലത്തെ പത്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?

11. ദേശീയസമരകാലത്തെ പ്രധാന പത്രങ്ങളും നേതൃത്വം നൽകിയവരും പട്ടികപ്പെടുത്തുക.

12. പ്രാദേശിക ഭാഷാപത്രനിയമം നടപ്പിലാക്കിയത് ആര്? എന്ന്?

വ്യവസ്ഥകൾ എന്തെല്ലാം?

13. ഇന്ത്യൻ ദേശീയത രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ വഹിച്ച പങ്ക്.

14. ദേശീയ കാഴ്ചപ്പാടോടുകൂടി ഇന്ത്യയിൽ രൂപീകൃതമായ വിദ്യാഭ്യാസ സ്ഥാപനങ്ങളും, അവയുടെ ലക്ഷ്യങ്ങളും പട്ടികപ്പെടുത്തുക.

15. സാഹിത്യം ദേശീയത വളർത്തിയത് എങ്ങനെ?

സാഹിത്യകൃതികൾ പട്ടികപ്പെടുത്തുക.

16. ഇന്ത്യൻ ദേശീയത വളർത്താൻ കലയുടെ പങ്ക്?

## <u>ഉത്തരസൂചിക - സംസ്കാരവും, ദേശീയതയും</u>

1. കോളനിഭരണവും, ചൂഷണവും, സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ, പത്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാഹിത്യം, കല.

2.

| സ്ഥാപനങ്ങൾ | സ്ഥാപകൻ |
|---|---|
| ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ | - വില്യം ജോൺസ് |
| കൽക്കട്ട മദ്രസ | - വാറൻ ഹേസ്റ്റിങ്സ് |
| ബനാറസ് സംസ്കൃത കോളേജ് | - ജൊനാഥൻ ഡങ്കൻ |

3. - ബ്രിട്ടീഷ് ജീവിതരീതികളോട് താല്പര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക.

- ഭരണം ശക്തിപ്പെടുത്താൻ ഇന്ത്യൻ സംസ്കാരത്തിൽ അറിയുക.

- ഭരണപരിഷ്ക്കാരങ്ങൾക്ക് പിൻതുണ നേടുക.

4. ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക.

- ഏക മനുഷ്യർക്കും വിവേചനങ്ങളില്ലാതെ വഴി നടക്കാനും, വസ്ത്രം ധരിക്കാനും, വിദ്യാഭ്യാസം നേടാനുള്ള പൗരാവകാശ ങ്ങൾ നേടിയെടുക്കുക.

5. സ്വതന്ത്രചിന്ത, ആധുനികവത്കരണത്തോടുള്ള താല്പര്യം, യുക്തി ചിന്ത.

6. T.B. Page - 86

7. T.B. Page - 86, 87

8. T.B. Page - 87

9. T.B. Page - 88

10. T.B. Page - 89

11. T.B. Page - 90

12. ലിട്ടൺ പ്രഭു, 1878, പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്ക് കർശന നിയമങ്ങൾ ഏർപ്പെടുത്തി.

13. ഇന്ത്യാക്കാരിൽ ദേശീയമായ കാഴ്ചപ്പാട് വളർത്തി, ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു, മതേതര വിദ്യാലയം എല്ലാ വിഭാഗക്കാർക്കും ലഭ്യമാക്കി, ബ്രിട്ടീഷ് മേധവിത്വത്തേയും ഇന്ത്യയിലെ അസമത്വങ്ങളെയും ഒറ്റക്കാട്ടായി എതിർക്കാൻ വിദ്യാഭ്യാസ പുരോഗതി സഹായിച്ചു.

14.

| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | ആശയങ്ങൾ | വർഷം – സ്ഥലം | സ്ഥാപകൻ |
|---|---|---|---|
| ഡക്കാൺ എഡ്യൂക്കേഷൻ സൊസൈറ്റി | ഇന്ത്യയുടെ സമഗ്രപുരോഗതിക്ക് ആധുനിക വിദ്യാഭ്യാസം | 1884 – പൂനൈ | ജി. ജി. അഗാർക്കർ തിലക്, മഹാദേവ് ഗോവിന്ദ റാനഡെ |
| വനിത സർവകലാശാല | സ്ത്രീ വിദ്യാഭ്യാസം | 1916 – മഹാരാഷ്ട്ര | D.K. കാർവെ |
| വിശ്വഭാരതി സർവകലാശാല | അന്തർദേശീയ സാഹോദര്യം | ബംഗാൾ | ടാഗോർ |
| ജാമിയ മില്ലിയ ഇസ്ലാമിയ | മതേതര വിദ്യാഭ്യാസം വളർത്തുക | അലിഗഡ് | മൗലാന മുഹമ്മദ് അലി ഷൗക്കത്തലി<br>ഡോ.സക്കീർ ഹുസൈൻ<br>എം.എ. അൻസാരി |
| കേരളകലാമണ്ഡലം | പാരമ്പര്യകലാരൂപങ്ങളെ സംരക്ഷിക്കുക | തൃശൂർ | വള്ളത്തോൾ |
| വാർധാ വിദ്യാഭ്യാസ പദ്ധതി | തൊഴിലധിഷ്ഠിത വിദ്യാ | 1937 ഗുജറാത്ത് | ഗാന്ധിജി |

| | | | |
|---|---|---|---|
| | ഭ്യാസം | | |

15. കഥ, കവിത, നാടകം, നോവൽ എന്നിവയിലൂടെ ഇന്ത്യൻ സമൂഹത്തിന്റെ ജീർണ്ണതകൾ, ദുരിതങ്ങൾ, ബ്രട്ടീഷ് ചൂഷണം എന്നിവ അവതരിപ്പിച്ചു. ഇവ ജനങ്ങളിൽ ചൂഷണവിരുദ്ധ മനോഭാവവും, രാജ്യസ്നേഹവും വളർത്തി, ദേശസ്നേഹം നിറഞ്ഞ കൃതികൾ സാമൂഹ്യഅന്തരം കുറച്ചു.

A - ആനന്ദമഠം - നോവൽ - ബങ്കിംഗ്ചന്ദ്രചാറ്റർജി-ബംഗാളിലെ കർഷകർ നടത്തിയ സന്യാസി കലാപം

B - നീൽദർപ്പൺ - നാടകം - ദിനബന്ധുമിത്ര - നീലംകർഷകരുടെ ചൂഷണം

C - സാരെജഗാംസെ അച്ഛാ - കവിത - മുഹമ്മദ് ഇക്ബാൽ- ഇന്ത്യയുടെ പ്രകൃതിഭംഗിയും, ജനങ്ങളുടെ ഐശ്വര്യവും

D - കണ്ണൻപാട്ട് - കുയിൽപ്പാട്ട് - പാഞ്ചാലിശപഥം - കഥകളിപാട്ട് - സുബ്രഹ്മണി ഭാരതി

16. A - ഭാരതമാതാ - അബനീന്ദ്രനാഥ ടാഗോർ - ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ്

B - ശാകുന്തളവും തോഴിമാരും - രാജാരവിവർമ്മ-ഇന്ത്യൻ പുരാണസാഹിത്യകൃതികളിലെ സന്ദർഭങ്ങൾ

C - സതി - ഗ്രാമീണചെണ്ടക്കാരൻ - നന്ദലാൽ ബോസ് - ഇന്ത്യയിലെ ദുരാചാരങ്ങൾക്കെതിരായ മനോഭാവം വളർത്തി.

D - ഗ്രാമീണജീവിതം - അമൃതഷേർഗിൽ - ഗ്രാമത്തിലെ ജീവിതദുരിതങ്ങൾ

## സമരവും സ്വാതന്ത്ര്യവും

1. വളരെ പെട്ടെന്നുതന്നെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ ഗാന്ധിജിക്ക് കഴിഞ്ഞതെന്തുകൊണ്ട്?

2. ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി നടത്തിയ പ്രാദേശിക സമരങ്ങൾ ഏവ?

3. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ പ്രാദേശിക സമരങ്ങളുടെ ഫല ങ്ങൾ?

4. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങൾ ഏവ?

5. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ലക്ഷ്യം?

6. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ?

7. നിസ്സഹകരണ സമരത്തിന് മുമ്പ് ഗാന്ധിജി മുന്നോട്ടുവച്ച ആവ ശ്യങ്ങൾ?

8. ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ?

9. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ ഏവ?

10. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ ഏവ?

11. ആദ്യകാലത്ത് ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട തൊഴിലാളി സംഘ ടനകൾ ഏവ?

12. കർഷക പ്രസ്ഥാനങ്ങൾ രൂപീകരിക്കാനിടയായ സാഹചര്യങ്ങൾ?

13. മൗണ്ട് ബാറ്റൺ പദ്ധതിയിലെ നിർദ്ദേശങ്ങൾ ഏവ?

14. അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് രൂപീകരിച്ചത് ആരെല്ലാം?

15. തൊഴിലാളി പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ ഏവ?

16. ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ എന്ന സംഘടനയ്ക്ക് നേതൃത്വം നൽകിയവർ ആരെല്ലാം?

17. റിപ്പബ്ലിക്കൻ ആർമിയുടെ ലക്ഷ്യം എന്ത്?

18. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി രൂപീകരിക്കപ്പെട്ട വിപ്ലവ പ്രസ്ഥാനങ്ങൾ ഏവ?

19. ചേരുംപടി ചേർക്കുക

a) ഗദർ പാർട്ടി - സൂര്യസെൻ
b) അഭിനവ് ഭാരത് സൊസൈറ്റി - ബിഹാരിദാസ്
c) അനുശീലൻ സമിതി - ലാലാഹർദയാൽ
d) ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി - വി.ഡി. സവർക്കർ

20. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപം കൊണ്ടത് എന്ന്? ആരുടെ നേതൃത്വത്തിൽ?

21. 1929 - ലാഹോർ സമ്മേളനത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഏവ?

22. നിസ്സഹകരണപ്രസ്ഥാനം നിർത്തിവയ്ക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം?

# സമരവും സ്വാതന്ത്ര്യവും

## ഉത്തരസൂചിക

1. Page 101

2. Page 102

3. Page 103

4.
   - നിസ്സഹകരണസമരവും, ഖിലാഫത്ത് പ്രസ്ഥാനവും
   - സിവിൽ നിയമലംഘനസമരം
   - ക്വിറ്റ് ഇന്ത്യാ സമരം

5. എല്ലാ അധികാരങ്ങളും ഇന്ത്യയ്ക്കു കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിസംയിലൂന്നിയ സമരം.

6.
   - വിദേശവസ്തുക്കളുടെ ബഹിഷ്കരണം
   - കോടതിയും ഇംഗ്ലീഷ് വിദ്യാലയങ്ങളും ബഹിഷ്കരിക്കുക.
   - തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക.
   - ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക.
   - നികുതി നൽകാതിരിക്കുക.

7. Page No. 107

8. Page No. 107

9. Page No. 109

10. Page No. 109

11. Page No. 112

12. Page No. 113

13. Page No. 114

14. 1920-ൽ എൻ.എം. ജോഷി, ലാലാലജ്പത്റായ് എന്നിവർ ചേർന്ന്

15. Page No. 113

16. ഭഗത് സിംഗ്, ചന്ദ്രശേഖർ ആസാദ്, രാജ്ഗുരു, സുഖ്ദേവ്

17. കോളനിഭരണം അട്ടിമറിക്കുകയും ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഫെഡറൽ റിപ്പബ്ലിക് സ്ഥാപിക്കുന്നതിന് സായുധ വിപ്ലവം സംഘടിപ്പിക്കുകയുമായിരുന്നു.

18.
- അഭിനവ് ഭാരത് സൊസൈറ്റി
- അനുശീലൻ സമിതി
- ഗദർ പാർട്ടി
- ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി

19.

| | | |
|---|---|---|
| ഗദർ പാർട്ടി | - | ലാലാഹർദയാൽ |
| അഭിനവ് ഭാരത് സൊസൈറ്റി | - | വി.ഡി. സവർക്കർ |
| അനുശീലൻ സമിതി | - | ബിഹാരിദാസ് |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | - | സൂര്യസെൻ |

20. 1934 - ജയപ്രകാശ് നാരായണൻ

21. Page No. 106

22. ചൗരിചൗരാ സംഭവം

## സ്വാതന്ത്ര്യാനന്തര ഇന്ത്യ

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടിവന്ന ഏറ്റവും വലിയ വെല്ലുവിളി ഏത്?

2. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി യായ അഭയാർഥിപ്രവാഹത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

3. നാട്ടു രാജ്യങ്ങളുടെ സംയോജനത്തിൽ പ്രധാന പങ്ക് വഹിച്ച രണ്ടു വ്യക്തികൾ ആരെല്ലാം?

4. ലയനക്കരാർ തയ്യാറാക്കിയതാര്?

5. സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ട മല യാളി ആര്?

6. ലയനക്കരാർ പ്രകാരം ഏതെല്ലാം മേഖലകളാണ് നാട്ടുരാജ്യ ങ്ങൾ കേന്ദ്രസർക്കാരിന് കൈമാറേണ്ടത്?

7. ഇന്ത്യൻ യൂണിയനിൽ ചേരാതെ നിന്ന നാട്ടുരാജ്യങ്ങൾ ഏതെല്ലാം?

8. വിഭജനാനന്തരം സ്വതന്ത്ര്യഇന്ത്യയിൽ അഭയാർഥി പ്രഭാവങ്ങൾ ഉണ്ടാകാൻ ഇടയായ സാഹചര്യം വ്യക്തമാക്കുക.

9. ഫ്രാൻസ് പോർട്ടുഗൽ എന്നീ രാജ്യങ്ങൾ ഇന്ത്യ വിട്ടുപ്പോയ തെന്ന്?

10. നാട്ടുരാജ്യങ്ങളുടെ ഏകീകരണത്തെക്കുറിച്ച് കുറിപ്പ് തയ്യാറാ ക്കുക?

11. ഭരണഘടനാനിർമ്മാണ സഭ രൂപീകരിച്ചതെന്ന്? ആര്?

12. ഇന്ത്യയുടെ ഭരണഘടന നിലവിൽ വന്നതെന്ന്?

13. ഭരണഘടന രൂപീകരണത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക?

14. ഭരണഘടനാനുസൃതമായി ഇന്ത്യയിലെ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പ് നടന്നതെന്ന്?

15. ആന്ധ്രാപ്രദേശിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം വേണമെന്ന് ആവശ്യപ്പെട്ട സ്വാതന്ത്ര്യസമരസേനാനി ആര്? എന്ന്?

16. സംസ്ഥാന പുനസ്സംഘടന കമ്മീഷന്റെ അദ്ധ്യക്ഷൻ ആര്? മറ്റ് അംഗങ്ങൾ ആരെല്ലാം?

17. ഇന്ത്യൻ സംസ്ഥാന പുനസ്സംഘടനാനിയമം പാർലമെന്റ് പാസാക്കിയതെന്ന്?

18. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണത്തിലേക്കു നയിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്യുക.

19. സ്വാതന്ത്ര്യാനന്തര ഇന്ത്യ സ്വീകരിച്ച സമ്പദ്വ്യവസ്ഥ ഏത്?

20. ഇന്ത്യ സ്വീകരിച്ച സാമ്പത്തികാസൂത്രണത്തിന്റെ പ്രത്യേകതയെന്ത്?

21. സാമ്പത്തികാസൂത്രണ കമ്മീഷൻ നിലവിൽ വന്നതെന്ന്? അദ്ധ്യക്ഷൻ ആര്?

22. പഞ്ചവത്സരപദ്ധതി നിലവിൽ വന്നതെന്ന്?

23. പഞ്ചവത്സരപദ്ധതികൾ കൈകൊണ്ട നടപടികൾ എന്തെല്ലാം?

24. ഇന്ത്യയിൽ നിലവിൽ വന്ന ഇരുമ്പുരുക്കു വ്യവസായശാലകൾ, സഹായം നൽകിയ രാഷ്ട്രങ്ങൾ പട്ടികപ്പെടുത്തുക.

25. ഇന്ത്യയുടെ ആദ്യത്തെ വിവിധോദ്ദേശ്യ നദീതട പദ്ധതിയേത്?

26. സ്വാതന്ത്ര്യാനന്തര ഇന്ത്യ സാമ്പത്തികമേഖലകളിൽ കൈക്കൊണ്ട പുരോഗതി വിശദീകരിക്കുക.

27. സ്വാതന്ത്ര്യ ഇന്ത്യയിൽ നിലവിൽ വന്ന ആദ്യത്തെ ഗവേഷണ സ്ഥാപനങ്ങൾ ഏതെല്ലാം?

28. ഇന്ത്യയുടെ ശാസ്ത്ര - വ്യവസായിക ഗവേഷണ സമിതിയുടെ പദ്ധതികൾക്ക് നേതൃത്വം നൽകിയതാര്?

29. ഹോമി ജഹാംഗീർ ഭാഭ നേതൃത്വം നൽകിയ ശാസ്ത്ര സ്ഥാപനം ഏത്?

30. ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണസമിതി രൂപീകൃതമായതെന്ന്? ആരുടെ നേതൃത്വത്തിൽ?

31. ഇന്ത്യയുടെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം എവിടെ?

32. ഇന്ത്യയുടെ ആദ്യത്തെ കൃത്രിമഉപഗ്രഹം ഏത്? എന്ന് വിക്ഷേപിച്ചു?

33. ഇന്ത്യയുടെ ഉപഗ്രഹങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഏജൻസികൾ ഏത്?

34. ഇന്ത്യ വികസിപ്പിച്ച ആദ്യത്തെ മിസൈലുകൾ ഏതെല്ലാം?

35. ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണ ഉപഗ്രഹം ഏത്?

36. ഇന്ത്യയുടെ ചൊവ്വാദൗത്യത്തിന്റെ പേരെന്ത്?

37. സ്വാതന്ത്ര്യ ഇന്ത്യയുടെ ബഹിരാകാശ രംഗത്തെ പുരോഗതി വിലയിരുത്തുക.

38. 'ഇന്ത്യയുടെ ഭാവി നിർണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ്സ്മുറി

കളിലാണ്'

ആരുടെ വാക്കുകളാണിത്?

39. വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പഠിക്കാൻ ഗവൺമെന്റ് നിയമിച്ച വിവിധ കമ്മീഷനുകൾ, ലക്ഷ്യങ്ങൾ, ശുപാർശകൾ പട്ടികപ്പെടുത്തുക.

40. ദേശീയ വിദ്യാഭ്യാസനയം രൂപംകൊണ്ടതെന്ന്? നിർദ്ദേശങ്ങൾ എന്തെല്ലാം?

41. വിദ്യാഭ്യാസം മൗലികാവകാശമാക്കിയത് ഏതു വർഷം?

42. സ്വാതന്ത്ര്യാന്തര ഇന്ത്യ വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്യുക?

43. സ്വാതന്ത്ര്യ ഇന്ത്യ സാംസ്കാരികമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം?

44. ഇന്ത്യൻ വിദേശനയത്തിന്റെ ശില്പി ആര്?

45. ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ എന്തെല്ലാം?

46. പഞ്ചശീലതത്ത്വങ്ങൾ ഒപ്പിട്ടതെന്ന്? ആരൊക്കെ തമ്മിൽ

47. പഞ്ചശീലതത്ത്വങ്ങൾ എന്തെല്ലാം?

## <u>സ്വാതന്ത്ര്യാനന്തര ഇന്ത്യ</u>

## <u>ഉത്തരസൂചിക</u>

1. വിഭജനലും അതേതുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹവും.

2. വിഭജനത്തെ തുടർന്ന് ഇന്ത്യയിൽനിന്ന് പാക്കിസ്ഥാനിലേക്കും പാക്കിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്കും അഭയാർഥിപ്രവാഹങ്ങളുണ്ടായി. ഇതോടൊപ്പം രാജ്യത്ത് പലയിടങ്ങളിലായി വർഗീയ ലഹളകൾ നടന്നു. കൽക്കട്ട, ബീഹാർ, നവഖാലി, ദില്ലി, പഞ്ചാബ്, കാശ്മീർ എന്നിവിടങ്ങളിൽ കലാപങ്ങൾ രക്തരൂക്ഷിതമായിരുന്നു. ആയിരക്കണക്കിനു ആളുകൾ കൊല്ലപ്പെടുകയും സ്ത്രീകൾ ആക്രമിക്കപ്പെടുകയും ചെയ്തു. ഇതിന്റെ ഫലമായി സർവതും നഷ്ടപ്പെട്ട് പലായനം ചെയ്ത വ്യത്യസ്ത വിഭാഗക്കാർ അഭയാർത്ഥികളായി മാറി. കാൽനടയിലും കാളവണ്ടിയിലും തീവണ്ടിയിലുമായി ദശലക്ഷം പേർ അഭയാർത്ഥികളായി സഞ്ചരിച്ചു. ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലും നടപടികളും വഴി അഭയാർത്ഥി പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു.

3. വി.പി. മേനോൻ, സർദാർ വല്ലഭായ് പട്ടേൽ

4. വി.പി. മേനോൻ, സർദാർ വല്ലഭായ് പട്ടേൽ

5. വി.പി. മേനോൻ

6. പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം

7. ഹൈദരാബാദ്, കാശ്മീർ, ജുനഗഡ്

8. Text book Page No. 138

9. ഫ്രാൻസ് – 1954

   പോർട്ടുഗൽ – 1961

10. Text book Page No. 138, 139

11. 1946–ൽ

ഡോ. രാജേന്ദ്രപ്രസാദ്, ഡോ. ബി.ആർ.അംബേദ്കർ

12. 1950 ജനുവരി 26 ന്

13. കാബിനറ്റ് മിഷന്റെ നിർദ്ദേശപ്രകാരം 1946 ൽ ഡോ. രാജേന്ദ്രപ്രസാദ് അദ്ധ്യക്ഷനായി ഭരണഘടനാനിർമ്മാണസഭ രൂപീകരിച്ചു. ഭരണഘടന എഴുതി തയാറാക്കാനായി ബി.ആർ. അംബേദ്കർ ചെയർമാനായി ഒരു ഡ്രാഫ്റ്റിംങ് കമ്മിറ്റിയെ നിയമിച്ചു. നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഭരണഘടനയ്ക്ക് രൂപം നൽകി. ഇന്ത്യൻ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഉയർന്നുവന്ന ആശയാഭിലാഷങ്ങളുടെ പ്രതിഫലനമായിരുന്നു ഇന്ത്യയുടെ ഭരണഘടന 1950 ജനുവരി 26 ന് സ്വാതന്ത്ര്യ ഇന്ത്യയുടെ ഭരണഘടന നിലവിൽ വരുകയും ഇന്ത്യയെ ഒരു മികച്ച റപ്പബ്ലിക്കായി പ്രഖ്യാപിക്കുകയും ചെയ്തു.

14. 1951 – 1952

15. പോറ്റി ശ്രീരാമലു. 1953–ൽ

16. ഫസൽ അലി

എച്ച്.എൻ.കുൻസ്രു, മലയാളിയായ കെ.എം. പണിക്കർ എന്നിവരായിരുന്നു മറ്റംഗങ്ങൾ.

17. 1956–ൽ

18. Text book Page No. 140, 141

19. മിശ്രസമ്പദ്‌വ്യവസ്ഥ

20. കേന്ദ്രീകൃത സാമ്പത്തികാസൂത്രണമായിരുന്നു അവയിൽ പ്രധാനപ്പെട്ടത്. സോവിയറ്റ് യൂണിയനിൽനിന്നാണ് ഇന്ത്യ സാമ്പത്തികാസൂത്രണം എന്ന ആശയം കൈക്കൊണ്ടത്.

21. 1950–ൽ

ജവഹർലാൽ നെഹ്റു

22. 1951–ൽ

23. കാർഷിക-വ്യവസായിക മേഖല പുഷ്ടിപ്പെടാനും ദാരിദ്ര്യ നിർമ്മാർജനത്തിനും ഊർജോൽപ്പാദനത്തിനും വിദ്യാഭ്യാസ മേഖലയിലെ പുരോഗതിക്കും ഇത് സഹായകമായി.

24.

| ഇരുമ്പുരുക്കു വ്യവസായശാലകൾ | സഹായം നൽകിയ രാഷ്ട്രങ്ങൾ |
|---|---|
| • ഭിലായി | • സോവിയറ്റ് യൂണിയൻ |
| • ബൊക്കാറോ | • സോവിയറ്റ് യൂണിയൻ |
| • റൂർക്കേല | • ജർമനി |
| • ദുർഗാപ്പൂർ | • ബ്രിട്ടൺ |

25, ഭക്രാനംഗൽ പദ്ധതി

26. Text book Page No. 141, 142, 143

27.
- ശാസ്ത്ര-വ്യവസായിക ഗവേഷണ സമിതി
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി

28. ഹോമി ജഹാംഗീർ ഭാഭ, എസ്.എൻ.ഭട്നാഗർ

29. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്

ഇന്ത്യൻ ആണവോർജകമ്മീഷൻ

30. 1962–ൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ

31. തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിൽ

32. 1975–ൽ ആര്യഭട്ട

33.
- നാഷണൽ റിമോർട്ട് സെൻസിങ് ഏജൻസി
- ഫിസിക്കൽ റിസർച്ച് ലബോറട്ടറി

34. അഗ്നി, പൃഥ്വി

35. ചന്ദ്രയാൻ

36. മംഗൾയാൻ

37. Text book Page No. 144, 145

38. ഡോ. ഡി.എസ്.കോത്താരി

39. Text book Page No. 146

40. Text book Page No. 146, 147

41. 2009–ൽ

42. Text book Page No. 146, 147

43. Text book Page No. 148

44. ജവഹർലാൽ നെഹ്റു

45. Text book Page No. 148

46. 1954–ൽ ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗഎൻലായിയുമായി.

47. Text book Page No. 149

## കേരളം ആധുനികതയിലേക്ക്

1. കുളച്ചൽ യുദ്ധം നടന്ന വർഷം ഏത്? ആരൊക്കെ തമ്മിൽ? പ്രാധാന്യമെന്ത്?

2. ദക്ഷിണേന്ത്യയിൽ ബ്രിട്ടീഷുകാർക്ക് വ്യാപാരകുത്തക നേടി ക്കൊടുത്ത യുദ്ധം ഏത്? ആരൊക്കെ തമ്മിൽ?

3. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം ഏത്? എന്ന്? വിശദമാക്കുക.

4. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി കേരളത്തിൽ ആധിപത്യം സ്ഥാപിച്ചതെങ്ങനെ?

5. മലബാർ ബ്രിട്ടീഷുകാർക്ക് ലഭിച്ചത് ഏതു സന്ധിപ്രകാരം? എന്ന്?

6. പഴശ്ശി കലാപം വിശദമാക്കുക

7. കുണ്ടറ വിളംബരം നടന്ന വർഷം ഏത്? നടത്തിയതാര്?

8. ബ്രിട്ടീഷ് ഭരണത്തിൽ കേരളത്തിന്റെ ഗ്രാമീണ സമ്പദ്വ്യവസ്ഥ തകരാൻ ഇടയായതെങ്ങിനെ?

9. കേരളത്തിൽ വ്യാപാരം സുഗമമാക്കാൻ ബ്രിട്ടീഷുകാർ കൈക്കൊണ്ട നടപടികൾ ഏതെല്ലാം?

10. മാപ്പിള കലാപങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയമിച്ച കമ്മീഷൻ ഏത്?

11. മലബാർ കുടിയായ്മനിയമം നിലവിൽ വന്നതെന്ന്? പ്രാധാന്യം എന്ത്?

12. പണ്ടാരപ്പാട്ടവിളംബരം നടന്ന വർഷം? പ്രാധാന്യം എന്ത്?

13. കൊച്ചിയിൽ കുടിയായ്മ നിയമം നിലവിൽ വന്നതെന്ന്?

14. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ വാണിജ്യവൽക്കരണം കേരളത്തിലെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ വിശകലനം ചെയ്യുക.

15. കേരളത്തിലെ ആദ്യത്തെ കയർ ഫാക്ടറി നിലവിൽ വന്നതെന്ന്? എവിടെ?

16. ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിൽ തോട്ടവ്യവസായത്തിലും പരമ്പരാഗത വ്യവസായത്തിലുമുണ്ടായ മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

17. കേരളത്തിലെ ആധുനിക വ്യവസായങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയതെന്ന്?

18. ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിൽ വളർന്നുവന്ന വ്യവസായശാലകൾ ഏതെല്ലാം?

19. കേരളത്തിലെ ആദ്യത്തെ സ്വകാര്യബാങ്ക് ഏത്?

20. മലയാളഭാഷയിലെ ആദ്യനിഘണ്ടു രൂപപ്പെടുത്തിയതാര്?

21. മലയാളഭാഷയിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം തയ്യാറാക്കിയതാര്?

22. മലയാളഭാഷയിൽ അച്ചടിച്ച ആദ്യത്തെ ഗ്രന്ഥം ഏത്?

23. മലയാളം - ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കിയതാര്?

24. ഇംഗ്ലീഷ് - മലയാളം നിഘണ്ടു തയ്യാറാക്കിയതാര്?

25. മലയാളത്തിലെ ആദ്യത്തെ പത്രങ്ങൾ ഏത്?

26. കേരളത്തിൽ പ്രവർത്തിച്ചിരുന്ന മിഷനറി സംഘങ്ങളും അവരുടെ പ്രവർത്തന മേഖലകളും പട്ടികപ്പെടുത്തുക.

27. കേരളത്തിൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിയ ഭരണാധികാരി ആര്? എന്ന്?

28. കേരളത്തിൽ നിലനിന്നിരുന്ന നീതിന്യായവ്യവസ്ഥയിൽ ബ്രിട്ടീഷുകാർ കൊണ്ടുവന്ന പരിഷ്ക്കരണങ്ങൾ എന്തെല്ലാം?

29. കേരളത്തിൽ ആരോഗ്യമേഖലയിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ പരിഷ്ക്കരണങ്ങൾ എന്തെല്ലാം?

30. കേരളത്തിലെ സാമൂഹ്യപരിഷ്കർത്താക്കൾ, പ്രസ്ഥാനങ്ങൾ/പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക.

31. ചാന്നാൻ ലഹള നടന്നതെന്ന്? പ്രാധാന്യം വിശദീകരിക്കുക

32. കേരളത്തിൽ സാമൂഹ്യപരിഷ്ക്കരണത്തിന് ശ്രീനാരായണഗുരു വഹിച്ച പങ്ക് വിശദമാക്കുക.

33. വൈക്കം സത്യാഗ്രഹം നടന്ന വർഷം, നേതൃത്വം കൊടുത്തത് ആരെല്ലാം? പ്രാധാന്യം എന്ത്?

34. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം, നേതൃത്വം കൊടുത്തവർ ആരെല്ലാം? പ്രാധാന്യം എന്ത്?

35. ക്ഷേത്രപ്രവേശന വിളംബരം നടന്ന വർഷം ഏത്?

36. മലബാറിലെ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച വിശദീകരിക്കുക.

37. മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം, പുന്നപ്ര - വയലാർ സമരം കുറിപ്പ് തയ്യാറാക്കുക.

38. കൊച്ചിയിൽ ഇലക്ട്രിസിറ്റി സമരം നടന്നതെന്ന്? പ്രാധാന്യം എന്ത്?

39. കൊച്ചി പ്രജാമണ്ഡലം രൂപം കൊണ്ടതെന്ന്? ആരുടെ നേതൃത്വത്തിൽ?

40. കേരളത്തിലെ ദേശീയപ്രസ്ഥാനത്തിൽ സ്ത്രീകൾ വഹിച്ച പങ്ക് വിലയിരുത്തുക.

41. ഐക്യകേരളത്തിലേക്ക് നയിച്ച സംഭവങ്ങൾ വിശദീകരിക്കുക.

42. തിരുകൊച്ചി സംസ്ഥാനം രൂപംകൊണ്ട വർഷം ഏത്?

43 'ഒന്നേകാൽകോടി മലയാളികൾ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?

44. കേരളസംസ്ഥാനം രൂപം കൊണ്ടതെന്ന്?

**<u>ഉത്തരസൂചിക</u>**

**<u>കേരളം ആധുനികതയിലേക്ക്</u>**

1. 1741 ഡച്ചുകാരും മാർത്താണ്ഡവർമ്മയും തമ്മിൽ

   - **<u>പ്രാധാന്യം</u>** : കേരളം പിടിച്ചെടുക്കാമെന്ന ഡച്ചുകാരുടെ മോഹം അസ്തമിച്ചു.
   - അവരുടെ ആയുധബലത്തിനേറ്റ ആദ്യത്തെ ശക്തിയേറിയ പ്രഹരമായിരുന്നു.

2. കർണ്ണാട്ടിക് യുദ്ധം, ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ

3. ആറ്റിങ്ങൽ കലാപം, 1721

   വിശദീകരണം – T.B. Page No.153

4. T.B. Page No.152, 153

5. ശ്രീരംഗപട്ടണം സന്ധി, 1792

6. T.B. Page No.154

7. 1809 ജനുവരി 11. വേലുത്തമ്പി ദളവ

8. T.B. Page No.155

9. T.B. Page No.155,156

10. ലോഗൻ കമ്മീഷൻ

11. 1929. കർഷകർക്ക് അവരുടെ ഭൂമിയുടെ മേൽ നാമമാത്രമായെങ്കിലും അവകാശം ലഭിച്ചു.

12. 1896 – തിരുവിതാംകൂറിൽ കുടിയാന് ഭൂമിയുടെ മേൽ അവകാശം ലഭിച്ചു.

13. 1914

14. T.B. Page No.157

15. 1859 ആലപ്പുഴ

16. T.B. Page No.157, 158

17. പള്ളിവാസൽ വൈദ്യുതി നിലയം

18. T.B. Page No.158

19. നെടുങ്ങാടി ബാങ്ക്

20. അർണോസ് പാതിരി

21. ആഞ്ചലോസ് ഫ്രാൻസിസ്

22. സംക്ഷേപവേദാർത്ഥം

23. ഡോ. ഹെർമ്മൻ ഗുണ്ടർട്ട്

24. ബെഞ്ചമിൻ ബെയ്‌ലി

25. രാജ്യ സമാചാരം, പശ്ചിമോദയം

26. T.B. Page No.159

27. ഗൗരി പാർവതിഭായി, 1817

28. T.B. Page No.160

29 T.B. Page No.160

30. T.B. Page No.161

31. 1859. വിശദീകരണം Page No.162

32. T.B. Page No.162

33. T.B. Page No.162

34.

35. 1936 നവംബർ 12

36. T.B. Page No.163,164

37. T.B. Page No.165

38. 1936

ദിവാനായ ഷൺമുഖം ചെട്ടി വൈദ്യുതി വിതരണം സ്വകാര്യകമ്പ നിയെ ഏൽപ്പിച്ചതിനെതിരെ നടന്ന സമരം.

39. 1941 – എസ്. നീലകണ്ഠൻ അമർ, വി.ആർ.കൃഷ്ണനെഴുത്തച്ഛൻ

40. T.B. Page No.166, 167

41. T.B. Page No. 167

42. 1949 ജൂലൈ 1

43. ഇ.എം.എസ്. നമ്പൂരിപ്പാട്

44. 1956 നവംബർ 1

## രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

ചോദ്യങ്ങൾ:

1. എന്താണ് രാഷ്ട്രം? രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകങ്ങ എന്തെല്ലാമാണ്? വിശദീകരിക്കുക.

2. പരമാധികാരത്തിന് എത്ര തലങ്ങൾ ഉണ്ട്? ഏതെല്ലാം?

3. രാഷ്ട്രത്തിന്റെ ചുമതലകൾ എന്തെല്ലാമാണ്?

4. രാഷ്ട്ര രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ സിദ്ധാന്തങ്ങ ഏതെല്ലാമാണ്? വിശദമാക്കുക.

5. ദേശരാഷ്ട്രം എന്നാലെന്ത്?

6. നിർബന്ധിത ചുമതലയിൽ നിന്ന് വിവേചനപരമായ ചുമത

കൾക്കുള്ള വ്യത്യാസമെന്ത്?

7. രാഷ്ട്രം എന്ന പദം ആദ്യമായി ഉപയോഗിച്ച പാശ്ചാത്യചിന്ത കൾ?

8. രാഷ്ട്രത്തിനുവേണ്ടി ഗവൺമെന്റുകൾ നിർവ്വഹിക്കുന്ന ചുമതല കൾ.

9. പൗരന് മെച്ചപ്പെട്ട ജീവിതം നൽകുക എന്നതാണ് രാഷ്ട്രത്തിന്റെ പ്രധാന ചുമതല എന്നു പറഞ്ഞതാര്?

10. രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ്. ആരുടെ വാക്കുകളാണ്.

11. ഒരു രാഷ്ട്രത്തിന്റെ നിയമനിർമ്മാണ നടപടികളിലും നീതിനിർവ്വ ഹണത്തിലും പങ്കെടുക്കുവാൻ അധികാരമുള്ള ഏതു വ്യക്തി യേയും ആ രാഷ്ട്രത്തിലെ പൗരൻ എന്നു വിളിക്കാം. ആരാണ് ഇതു പറഞ്ഞത്?

12. അവകാശവും കടമകളും പരസ്പരപൂരകങ്ങളാണ് സമർത്ഥിക്കു ക.

13. പൗരത്വം എന്നാലെന്ത്? പൗരനും വിദേശിയും തമ്മിലുള്ള വ്യത്യാസം പ്രസ്താവിക്കുക.

14. പൗരത്വം എത്രതരം ഏതെല്ലാം? വിശദമാക്കുക

15. അരിസ്റ്റോട്ടിൽ രാഷ്ട്രതന്ത്രശാസ്ത്രത്തിനു നൽകിയിരിക്കുന്ന നിർവ്വചനം എന്ത്?

16. രാഷ്ട്രതന്ത്രശാസ്ത്രമെന്നാലെന്ത്?

17. രാഷ്ട്രീയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന അരിസ്റ്റോട്ടിലിന്റെ കൃതി ഏത്?

18. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് ആരാണ്?

19. പൊളിറ്റിക്സ് എന്ന പദം രൂപം കൊണ്ടത് ഏതു ഗ്രീക്കുപദത്തിൽ നിന്നാണ്?

20. രാഷ്ട്രതന്ത്രശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ ഏതെല്ലാം?

21. നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിതഫലം നിങ്ങളെക്കാൾ മോശമായവർ നിങ്ങളെ ഭരിക്കും എന്നതാണ്. ആരുടെ വാക്കുകൾ?

22. രാഷ്ട്രരൂപീകരണ സിദ്ധാന്തത്തിൽ ഏറ്റവും സ്വീകാര്യമായ സിദ്ധാന്തമേതാണ്?

23. കോളം A യിൽ ഉള്ളതിനെ B യുമായി ചേർത്തെഴുതുക.

| A | B |
|---|---|
| a) നിക്കോളോ മാക്യവല്ലി | 1. ക്ഷേമരാഷ്ട്ര സങ്കല്പം |
| b) അരിസ്റ്റോട്ടിൽ | 2. രാഷ്ട്രം എന്ന പദം ഉപയോഗിച്ചു |
| c) ജെർമിബന്താം | 3. രാഷ്ട്രീയ പ്രക്രിയയിൽ ഇടപെടേണ്ടതിന്റെ ആവശ്യകത |
| d) പ്ലേറ്റോ | 4. രാഷ്ട്രതന്ത്രത്തിന്റെ പിതാവ് |

## <u>രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും</u>

ഉത്തരങ്ങൾ:

1. ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടുകൂടിയതുമായ ഒരു ജനതയാണു രാഷ്ട്രം.

ജനങ്ങൾ, ഭൂപ്രദേശം, ഗവൺമെന്റ്, പരമാധികാരം

Page No.172, 173, 174, 175

2. പരമാധികാരത്തിന് 2 തലങ്ങൾ ഉണ്ട്.

ആഭ്യന്തര തലം, ബാഹ്യതലം

3. നിർബന്ധിത ചുമതലകൾ (Page No.176)

വിവേചനപരമായ ചുമതലകൾ

4. ദൈവദത്ത സിദ്ധാന്തം

പരിണാമ സിദ്ധാന്തം

സാമൂഹിക ഉടമ്പടി സിദ്ധാന്തം

ശക്തി സിദ്ധാന്തം (Page 177)

5. പൊതുവായ ദേശീയകാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി രൂപംകൊള്ളുന്നതിനാലാണ് രാഷ്ട്രങ്ങൾ, ദേശരാഷ്ട്രം എന്നറിയപ്പെടുന്നത്. (Page No.177)

6. രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവ്വഹിക്കേണ്ട ചുമതലകളാണ്, നിർബന്ധിതചുമതലകൾ. ഇതിൽ നിന്നും മാറി നിൽക്കാൻ രാഷ്ട്രത്തിനു സാധ്യമല്ല.

രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിയ്ക്ക് അനുസരിച്ച്

നിർവ്വഹിക്കേണ്ട ചുമതലകളാണ് വിവേചനപരമായ ചുമതലകൾ. (Page No.176)

7. നിക്കോളോ മാക്യവല്ലി

8. ക്രമസമാധാനം ഉറപ്പു വരുത്തുക

തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക.

വികസന പദ്ധതികൾ നടപ്പാക്കുക

സുരക്ഷ ഉറപ്പാക്കുക

എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുക.

ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുക.

ജനാധിപത്യത്തിൽ വിശ്വസിക്കുകയും ജനങ്ങളോട് പ്രതിബദ്ധത കാണിക്കുകയും ചെയ്യുക.

9. പ്ലേറ്റോ, അരിസ്റ്റോട്ടിൽ

10. ജെർമിബന്താം

11. അരിസ്റ്റോട്ടിൽ

12. അവകാശങ്ങൾ

രാഷ്ട്രം

പൗരൻ

കടമകൾ (Page No.178)

13. ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം. (Page No.178)

14. രണ്ടുതരം

സ്വാഭാവിക പൗരത്വം - ജന്മനാ ലഭിക്കുന്നത്

ആർജ്ജിത പൗരത്വം - നേടിയെടുക്കുന്നത്

(Page 179)

15. രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനേക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം.

16. Page No.179

17. പൊളിറ്റിക്സ്

18. അരിസ്റ്റോട്ടിൽ

19. പോളിസ്

20. രാഷ്ട്രീയ സിദ്ധാന്തങ്ങൾ

അന്തർദ്ദേശീയ രാഷ്ട്രീയം

താരതമ്യ രാഷ്ട്രീയം

പൊതുഭരണം

21. പ്ലേറ്റോ

22. പരിണാമ സിദ്ധാന്തം

23. a - 2

b - 4

c - 1

d - 3

## പൗരബോധം

### ചോദ്യങ്ങൾ

1. പൗരബോധം എന്നാലെന്ത്? അതിന്റെ പ്രാധാന്യമെന്ത്?

2. പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങളായ ജലക്ഷാമം, മാലിന്യം, പ്രളയം, അഴിമതി തുടങ്ങിയവ പരിഹരിക്കുവാൻ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

3. പൗരബോധത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ ഏതെല്ലാം? വിശദമാക്കുക.

4. പൗരബോധം വളർത്തിയെടുക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം?

5. ഉയർന്ന പൗരബോധം പ്രകടിപ്പിച്ച് ഉത്തമ മാതൃകകളായിത്തീർന്ന മഹത്‌വ്യക്തികളുടെ പേരുകൾ കണ്ടെത്തിയെഴുതുക.

6. എന്താണ് ധാർമ്മികത?

7. പൗരബോധം നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമാണ്? ഈ വെല്ലുവിളികളെ എങ്ങനെ മറികടക്കാം?

8. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?

9. ജനാധിപത്യം ഒരു ഭരണക്രമം എന്നതിലുപരി .........ആണ്?

10. ധാർമ്മികയും പൗരബോധവും തമ്മിലുള്ള ബന്ധം എന്ത്?

11. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്ര പഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താം?

12. പൗരബോധത്തിന്റെ അഭാവത്തിൽ സമൂഹത്തിനുണ്ടാകുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?

13. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളെ പൗരബോധം ഉള്ളവ ഇല്ലാത്തവ തരം തിരിച്ച് എഴുതുക.

a) എത്ര തിരക്കുണ്ടെങ്കിലും വാഹനം ഓടിക്കുമ്പോൾ ട്രാഫിക് നിയമങ്ങൾ പാലിക്കുന്നു.

b) വീട്ടിലെ മാലിന്യങ്ങൾ പൊതുവഴിയിൽ നിക്ഷേപിക്കുന്നതിൽ തെറ്റില്ല.

c) പ്രകൃതിയെ സംരക്ഷിക്കേണ്ടത് എന്റെ കടമയാണ്.

d) അനീതിയ്ക്കെതിരെ പരാതിപ്പെടാൻ പാടില്ല.

e) അത്യാവശ്യ സന്ദർഭങ്ങളിൽ അഴിമതി നടത്താം.

**ഉത്തരങ്ങൾ**

1. ഓരോ പൗരനും സമൂഹത്തിനുവേണ്ടിയുള്ളതാണെന്നും സമൂഹ ത്തിന്റെ ഉത്തമതാല്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറ വാണ് പൗരബോധം. ഇങ്ങനെയുള്ളവർ അവനവനോടും, സമൂഹ ത്തോടും, മാനവികതയോടും കൂറും, ഉത്തരവാദിത്വവും ഉള്ളവര യിരിക്കും.

(Page No. 184-185)

2. ജലക്ഷാമം – ജലത്തിന്റെ കാര്യക്ഷമതയോടുകൂടിയുള്ള ഉപ യോഗം

– മഴക്കുഴികൾ നിർമ്മിക്കുക

- ജലം മലിനമാക്കാതിരിക്കുക
- ..................( Page No. 185)

3. കുടുംബം, വിദ്യാഭ്യാസം, സാമൂഹിക വ്യവസ്ഥ, രാഷ്ട്രീയ വ്യവസ്ഥ, സംഘടനകൾ, മാധ്യമങ്ങൾ, ജനാധിപത്യ വ്യവസ്ഥ

   (Page No. 185, 186, 187)

4. Page No. (186, 187)

5. മയിലമ്മ, മദർ തെരേസ, എ.പി.ജെ.അബ്ദുൾ കലാം

6. നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുകയുമാണ് ധാർമ്മികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?

7. പൊതുതാല്പര്യങ്ങളെ അവഗണിച്ച് സ്വന്തം താല്പര്യങ്ങൾക്കു വേണ്ടി എന്തും ചെയ്യാൻ തയ്യാറാവുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി.

   എങ്ങനെ മറികടക്കാം–Page No. 190

8. Page No. (186-187)

9. ജീവിതശൈലി

10. ധാർമ്മികത പൗരബോധത്തെ സഹായിക്കുന്നു. എന്നാൽ അധാർമ്മികത പൗരബോധം ഇല്ലാതാക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ധാർമ്മികബോധം സൃഷ്ടിക്കലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം. പൗരബോധം ക്രിയാത്മകമായൊരു മാനസികാവസ്ഥയാണ്.

11. (Page No. 190-191)

12. പൗരബോധത്തിന്റെ അഭാവംമൂലം സമൂഹത്തിനുണ്ടാവുന്ന ഏതെങ്കിലും രണ്ടു പ്രശ്നങ്ങൾ എഴുതുക-അഴിമതി, വിഷാംശമുള്ള പച്ചക്കറികൾ

13. പൗരബോധം- a,c

പൗരബോധമില്ലായ്മ- b,d,e

## സമൂഹശാസ്ത്രം എന്ത്? എന്തിന്?

1. സർഗരചനയും സമൂഹശാസ്ത്ര പഠനവും ഏതെല്ലാം രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?

2. എം.ടി.യുടെ 'നാലുകെട്ട്' റോബിൻ ജെഫ്രിയുടെ 'നായർ മേധാവിത്വത്തിന്റെ പതനം' ഇതിൽ രണ്ടിലും പ്രതിപാദിക്കുന്ന വിഷയം ഒന്നാണെങ്കിലും അവരുടെ നിരീക്ഷണങ്ങൾ വ്യത്യസ്തങ്ങളാണ് സാധൂകരിക്കുക.

3. തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തീകരിക്കുക.

ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രതന്ത്ര ശാസ്ത്രം, നരവംശ ശാസ്ത്രം, മന:ശാസ്ത്രം.

| | |
|---|---|
| സാമ്പത്തിക വ്യവഹാരത്തെക്കുറിച്ചുള്ള പഠനം | .............................................. |
| കഴിഞ്ഞ കാലത്തെക്കുറിച്ചും സംസ്ക്കാരത്തെക്കുറിച്ചുമുള്ള | .............................................. |

| | |
|---|---|
| അന്വേഷണം | |
| രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം | ................................................ |
| മനുഷ്യ ഉത്ഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെക്കുറിച്ചുമുള്ള പഠനം | ................................................ |
| മനുഷ്യമനസ്സിനെക്കുറിച്ചും മാനസികാവസ്ഥകളെക്കുറിച്ചുമുള്ള പഠനം | ................................................ |

4. സമൂഹശാസ്ത്രം എന്നാൽ എന്ത്?

5. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ മൂന്നു വിപ്ലവങ്ങൾ ഏതെല്ലാം?

6. സമൂഹ ശാസ്ത്രത്തിന്റെ പിതാവ് ആര്?

7. സമൂഹശാസ്ത്രം ഉത്ഭവിച്ചതെവിടെ?

8. പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ആര്?

9. ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്ത തത്ത്വങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകൻ ആര്?

10. ഹെർബർട്ട് സ്പെൻസർ സമൂഹശാസ്ത്രത്തിന്റെ വികാസത്തെ വിലയിരുത്തിയതെങ്ങനെ?

11. സമൂഹശാസ്ത്രത്തിന്റെ വികാസത്തിന് സംഭാവനകൾ നൽകിയ ചിന്തകർ ആരെല്ലാം?

12. ഇന്ത്യയിൽ ആദ്യത്തെ സമൂഹശാസ്ത്ര പഠനവകുപ്പ് ആരംഭിച്ചതെവിടെ? സംഭാവനകൾ നൽകിയവർ ആരെല്ലാം?

13. സമൂഹശാസ്ത്രപഠനം എന്തിന്? or സമൂഹശാസ്ത്ര പഠനത്തിന്റെ പ്രയോജനങ്ങൾ ഏവ?

14. സമൂഹശാസ്ത്രത്തിലെ പ്രധാന വിശകലന മേഖലകൾ ഏതെല്ലാം?

15. സമൂഹശാസ്ത്രത്തിന്റെ വ്യത്യസ്ത പഠന രീതികൾ ഏതെല്ലാം? ഓരോന്നും വിശദീകരിക്കുക.

16. സമൂഹശാസ്ത്ര പഠന രീതിയായ സോഷ്യൽ സർവ്വെ സമൂഹത്തെ മനസ്സിലാക്കാൻ എങ്ങനെയെല്ലാം സഹായിക്കുന്നു?

17. സാമ്പിൾ സർവേ എന്നാൽ എന്ത്?

18. പ്രതികർത്താക്കൾ എന്നാൽ എന്ത്?

19. സമൂഹശാസ്ത്ര പഠനരീതിയായ അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

20. അഭിമുഖവും ചോദ്യാവലിയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

21. സമൂഹശാസ്ത്ര പഠന രീതിയായ നിരീക്ഷണം എത്രതരം? ഓരോന്നും വിശദീകരിക്കുക.

22. നിരീക്ഷണവും അഭിമുഖവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

23. പങ്കാളിത്ത നിരീക്ഷണത്തിന് പറയുന്ന മറ്റൊരു പേര് എന്ത്?

24. സമൂഹശാസ്ത്രത്തിന്റെ പ്രയോഗ സാധ്യതകൾ എന്തെല്ലാം?

## ഉത്തര സൂചിക

## സമൂഹശാസ്ത്രം എന്ത്? എന്തിന്?

1. T.B Page No. 194

2. T.B Page No. 194

3. സാമ്പത്തികശാസ്ത്രം

   ചരിത്രം

   രാഷ്ട്രതന്ത്രശാസ്ത്രം

   നരവംശ ശാസ്ത്രം

   മന:ശാസ്ത്രം

4. മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള പരസ്പര ബന്ധങ്ങ ക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം.

5. ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം

   - ഫ്രഞ്ച് വിപ്ലവം
   - വ്യാവസായിക വിപ്ലവം

6. അഗസ്ത് കോംതെ

7. പടിഞ്ഞാറൻ യൂറോപ്പ്

8. ചാൾസ് ഡാർവിൻ

9. ഹെർബർട്ട് സ്പെൻസർ

10. മനുഷ്യ സമൂഹം വ്യത്യസ്തഘട്ടങ്ങളിലൂടെ പരിണമിച്ചാ ഇന്നത്തെ അവസ്ഥയിലെത്തിച്ചേർന്നതെന്ന് അദ്ദേഹം വ്യക്തമാക്കി

11. അഗസ്ത് കോംതെ, ഹെർബർട്ട് സ്പെൻസർ, കാൾമാക്സ

എമൈൽ ദുർഖിം, മാക്സ് വെബർ

12. T.B Page No. 196

13. T.B Page No. 197

14. T.B Page No. 197

15. സോഷ്യൽ സർവേ

അഭിമുഖം, നിരീക്ഷണം, കേസ് സ്റ്റഡി

വിശദീകരണം– T.B Page No. 198,199,200,201

16. T.B Page No. 198

17. സോഷ്യൽ സർവേയിൽ പഠനവിധേയമാക്കുന്ന മൊത്തം വ്യക്തികളിൽ നിന്ന് വിവരം ശേഖരിക്കാറില്ല. അവരിൽ നിന്നും തെരഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം ആളുകളിൽ നിന്നാണ് വിവരശേഖരണം നടത്തുന്നത്. ഇത്തരം പഠനങ്ങളെ സാമ്പിൾ സർവേ എന്നുപറയുന്നു.

18. സോഷ്യൽ സർവേയിൽ പഠന വിധേയമാക്കുന്ന സംഘത്തെയാണ് പ്രതികർത്താക്കൾ എന്നു പറയുന്നത്.

19. T.B Page No. 199

20. T.B Page No. 200

21. T.B Page No. 200

22. T.B Page No. 199, 200

23. ഫീൽഡ് വർക്ക്

24. ഭരണ-ആസൂത്രണ മേഖലകൾ, വാണിജ്യം, നഗരാസൂത്രണം,

